# പതിമൂന്നാം കേരള നിയമസഭ
## (പത്താം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2024 22/01/2014-ൽ മറുപടിയ്ക്ക്**

## നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിൽ നിന്നുള്ള ധനസഹായം

| ചോദ്യം<br>ശ്രീ. ഇ. കെ. വിജയൻ: | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
|---|---|
| (എ) നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിൽ നിന്ന് ഗ്രാമീണ മത്സ്യബന്ധന മേഖലയ്ക്ക് ധനസഹായം ലഭിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | (എ) ഉണ്ട്. അലങ്കാര മത്സ്യകൃഷി വികസനത്തിനായി ഫിർമയുടെ വിവിധ പദ്ധതികൾക്ക് ധനസഹായം ലഭിക്കുന്നുണ്ട്. കൂടാതെ എൻ.എഫ്.ഡി.ബി യുടെ 90% ധനസഹായത്തോടെ സംസ്ഥാനത്തുടനീളം ആധുനിക ശുചിത്വ മത്സ്യമാർക്കറ്റുകൾ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വഴി സ്ഥാപിക്കുന്നു. ഇതിന്റെ ഭാഗമായി 39 മാർക്കറ്റുകളുടെ നിർമ്മാണത്തിനായി അംഗീകാരം ലഭിച്ചു കഴിഞ്ഞു. ബാക്കി 13 മാർക്കറ്റിന്റെ പദ്ധതി തീരദേശ വികസന കോർപ്പറേഷൻ തയ്യാറാക്കി എൻ.എഫ്.ഡി.ബി യുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.<br>കൂടാതെ നിലവിലുള്ള മത്സ്യബന്ധന തുറമുഖങ്ങളുടെയും മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളുടെയും നിലവാരം ഉയർത്തുന്നതിനും നവീകരിക്കുന്നതിനുമായി നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ് ധനസഹായം നൽകുന്നുണ്ട്. |
| (ബി) 2011-12 മുതൽ നടപ്പു സാമ്പത്തിക വർഷം വരെ അനുവദിച്ച തുകയും ചെലവഴിച്ച തുകയും വ്യക്തമാക്കുമോ; | (ബി) ഫിർമയ്ക്ക് അനുവദിച്ച തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു. |

| വർഷം | അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|
| 2011-12 | 95,25,000 | 45,25,000 |
| 2012-13 | 1,00,000 | 1,00,000 |
| 2013-14 | 18,75,000 | 0 |

കെ.എസ്.സി.എ.ഡി.സി-യ്ക്ക് 2011-12 മുതൽ നടപ്പു സാമ്പത്തിക വർഷം വരെ ആധുനിക മത്സ്യമാർക്കറ്റുകളുടെ നിർമ്മാണത്തിനായി ഭരണാനുമതി ലഭിച്ച തുക 4190.912 ലക്ഷം രൂപയാണ്. ഇതിൽ 3463.694 ലക്ഷം രൂപ നാഷണൽ ഫിഷറീസ് ഡവലപ്മെന്റ് ബോർഡിന്റെ വിഹിതവും 727.218 ലക്ഷം രൂപ സംസ്ഥാന സർക്കാർ വിഹിതവുമാണ്. ഇതിൽ കെ.എസ്.സി.എ.ഡി.സി-യ്ക്ക് 2512.997 ലക്ഷം രൂപ അനുവദിച്ചതിൽ 1182.902 ലക്ഷം രൂപ ചെലവഴിച്ചു.

2011-12 മുതൽ നടപ്പു സാമ്പത്തിക വർഷം വരെ മത്സ്യബന്ധന തുറമുഖങ്ങളുടെയും മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളുടെയും നവീകരണത്തിനായി 2283.03 ലക്ഷം രൂപ എൻ.എഫ്.ഡി.ബി അനുവദിച്ചിട്ടുണ്ട്. ആയതിൽ ചെലവഴിച്ച തുക 1718.20 ലക്ഷം രൂപ.

(സി) അനുവദിച്ച തുക പൂർണ്ണമായി വിനിയോഗിക്കാൻ സാധിക്കാത്ത സാഹചര്യം നിലവിലുണ്ടോ; കാരണം വ്യക്തമാക്കുമോ;

(സി) അനുവദിച്ച തുക പൂർണ്ണമായി വിനിയോഗിക്കാൻ സാധിക്കാത്ത സാഹചര്യം നിലവിലില്ല.

(ഡി) നടപ്പു സാമ്പത്തിക വർഷം പ്രസ്തുത സ്ഥാപനം ഏതെങ്കിലും പുതിയ പദ്ധതിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ?

(ഡി) എൻ.എഫ്.ഡി.ബി പുതിയ പദ്ധതി നിർദ്ദേശങ്ങളൊന്നും നല്കിയിട്ടില്ല. ഗ്ലൂക്കോസമിൻ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പുതിയ പദ്ധതി എൻ.എഫ്.ഡി.ബി ധനസഹായത്തിനായി മത്സ്യഫെഡ് നൽകിയിട്ടുണ്ട്. കെ.എസ്.സി.എ.ഡി.സി-യ്ക്ക് 10 മത്സ്യമാർക്കറ്റ് നിർമ്മിക്കുന്നതിന് അംഗീകാരം എൻ.എഫ്.ഡി.ബി -യിൽ നിന്ന് ലഭിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിലെ 14 ജല സംഭരണികളിൽ രണ്ടാംഘട്ട മത്സ്യവിത്ത് നിക്ഷേപത്തിനായി പ്രൊപ്പോസൽ എൻ.എഫ്.ഡി.ബി-യ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ആഫീസർ